# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:21.04.2025**

## പ്രധാനവാർത്തകൾ

1) കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു. വിടവാങ്ങിയത് മനുഷ്യസ്നേഹത്തിൻറെയും നവീകരണത്തിൻറെയും വക്താവായ വലിയ ഇടയൻ.

2) ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൽ ലോകനേതാക്കൾ അനുശോചനമറിയിച്ചു. കാരുണ്യത്തിന്റെയും എളിമയുടെയും വെളിച്ചമായിരുന്നു അദ്ദേഹമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. അടിച്ചമർത്തപ്പെട്ടവരോട് ഐക്യദാർഢ്യം പുലർത്തിയ മനസ്സായിരുന്നു ഫ്രാൻസിസ് മാർപാപ്പയുടേതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) യുഎസ് വൈസ് പ്രസിഡൻറ് ജെ ഡി വാൻസുമായി പ്രധാനമന്ത്രി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.

4) സംസ്ഥാന സർക്കാരിൻറെ നാലാം വാർഷികാഘോഷങ്ങൾക്ക് കാസർഗോഡ് തുടക്കമായി.

5) ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.

*****************

RNU TVPM

## <u>ഫ്രാൻസിസ് മാർപാപ്പ (ഇൻട്രോ)</u>

കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് മാർപാപ്പ കാലം ചെയ്തു. 88 വയസായിരുന്നു. വത്തിക്കാനിലെ വസതിയിൽ പ്രാദേശിക സമയം ഇന്ന് പുലർച്ചെ 7.35 നായിരുന്നു വിയോഗം. ലാറ്റിൻ അമേരിക്കയിൽ നിന്നുമുള്ള ആദ്യ മാർപാപ്പയായ അദ്ദേഹം 2013ലാണ് സ്ഥാനമേറ്റത്. നവീകരണത്തിൻറെയും മനുഷ്യസ്നേഹത്തിൻറെയും വക്താവായിരുന്ന വലിയ ഇടയനെയാണ് ഫ്രാൻസിസ് മാർപ്പാപ്പ വിടപറയുമ്പോൾ ലോകത്തിന് നഷ്ടമാകുന്നത്.

ഒരു റിപ്പോർട്ട്

(ഹോൾഡ് വോയ്സ്.......)

*അർജൻറീനയിലെ ബ്യൂണസ് ഐറിസിൽ 1936 ഡിസംബർ ഏഴിനാണ് ഫ്രാൻസിസ് മാർപ്പാപ്പയുടെ ജനനം. ഹോർഹെ മരിയോ ബെർഗോളിയോ എന്നായിരുന്നു അദ്ദേഹത്തിൻറെ പേര്. 1969 ൽ പൗരോഹിത്യം സ്വീകരിച്ച അദ്ദേഹം, 98 ൽ ആർച്ച് ബിഷപ്പും, 2001 ൽ കർദിനാളുമായി.*

*2013 ൽ കത്തോലിക്കാ സഭയുടെ 266 മത്തെ മാർപ്പാപ്പ ആയി സ്ഥാനമേറ്റ അദ്ദേഹം കത്തോലിക്ക സഭയുടെ നവീകരണത്തിന് മുൻകൈയെടുക്കുകയും പാവങ്ങളുടെ ശബ്ദം എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ബാലപീഡനം, ലൈംഗിക കുറ്റകൃത്യങ്ങൾ എന്നിവയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ച അദ്ദേഹം ഭിന്നലൈംഗികവിഭാഗങ്ങളുടെ അവകാശങ്ങൾ സംരംക്ഷിക്കുന്നതിനും, സഭാഭരണത്തിൽ വനിതകൾക്കു പ്രാതിനിധ്യം നൽകുന്നതിലും മുൻകൈയെടുത്തു. യുദ്ധം, അഭയാർഥി പ്രശ്നങ്ങൾ തുടങ്ങി എല്ലാ വിഷയങ്ങളിലും ഫ്രാൻസിസ് മാർപാപ്പ മനുഷ്യ പക്ഷത്ത് അടിയുറച്ചു നിന്നിരുന്നു. കടുത്ത ഫുട്ബോൾ പ്രേമി കൂടിയായിരുന്നു അദ്ദേഹം. തൻറെ അവസാന ദിനങ്ങളിലും യുദ്ധം അവസാനിപ്പിക്കാനും ലോകസമാധാനത്തിനും ആഹ്വാനം ചെയ്തശേഷമാണ് ആ വലിയ ഇടയൻ ലോകത്തോട് വിട പറഞ്ഞത്.*

******************

RNU TVPM

## പ്രധാനമന്ത്രി - മാർപ്പാപ്പ

ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉൾപ്പെടെയുള്ള ലോകനേതാക്കൾ അനുശോചനം രേഖപ്പെടുത്തി. ലോകമെമ്പാടുമുള്ള ദശലക്ഷക്കണക്കിനു ജനങ്ങൾ കാരുണ്യത്തിന്റെയും എളിമയുടെയും ആത്മീയതയുടെയും വെളിച്ചമായി ഫ്രാൻസിസ് മാർപാപ്പയെ എല്ലായ്പ്പോഴും സ്മരിക്കുമെന്ന് പ്രധാനമന്ത്രി അനുശോചന സന്ദേശത്തിൽ കുറിച്ചു. ഇന്ത്യയിലെ ജനങ്ങളോടുള്ള അദ്ദേഹത്തിൻറെ വാത്സല്യം എല്ലായ്പ്പോഴും ഓർമിക്കപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

******************

## മുഖ്യമന്ത്രി അനുശോചനം

പോപ്പ് ഫ്രാൻസിസ് അനുകമ്പയുടെ ദീപസ്തംഭം ആയിരുന്നുവെന്നും, പാവപ്പെട്ടവരോടും അടിച്ചമർത്തപ്പെട്ടവരോടും അദ്ദേഹം എന്നും കരുണയും അനുകമ്പയും പുലർത്തിയിരുന്നതായും ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ അനുശോചന സന്ദേശത്തിൽ പറഞ്ഞു. മനുഷ്യ സ്നേഹത്തിൻറെയും ലോക സമാധാനത്തിന്റെയും മഹത്തായ സന്ദേശം പ്രചരിപ്പിക്കുന്നതിനായി വ്യക്തിജീവിതവും വൈദിക ജീവിതവും ഒരുപോലെ സമർപ്പിച്ച മാതൃകാ വ്യക്തിത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പ എന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അനുസ്മരിച്ചു. അടിച്ചമർത്തലിനും ചൂഷണത്തിനും വിധേയമാകുന്ന മുഴുവൻ മനുഷ്യ വിഭാഗങ്ങളോടും ഐക്യദാർഢ്യം പുലർത്തിയ മനസ്സായിരുന്നു അദ്ദേഹത്തിൻറേതെന്നും, പലസ്തീൻ ജനതയുടെ വേദനയോട് അദ്ദേഹം മനസ്സുകൊണ്ട് ചേർന്നു നിന്നതായും മുഖ്യമന്ത്രി അനുശോചന സന്ദേശത്തിൽ പറഞ്ഞു. ഫ്രാൻസിസ് മാർപാപ്പയുടെ വിയോഗം ആഗോള സമൂഹത്തിന് വലിയ നഷ്ടമാണെന്ന് കേന്ദ്രമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. സേവനത്തിലും, കാരുണ്യത്തിലുമൂന്നിയ അദ്ദേഹത്തിൻറെ ജീവിതം ദശലക്ഷക്കണക്കിന് ആളുകളെ സ്പർശിച്ചതായും അദ്ദേഹം അനുസ്മരിച്ചു. ജനതയെ ഹൃദയത്തോട് ചേർത്തും സ്നേഹം ചൊരിഞ്ഞും ജീവിച്ച മഹാഇടയൻ

PAUTVPM

ആയിരുന്നു ഫ്രാൻസിസ് മാർപ്പാപ്പ എന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ അനുശോചന കുറിപ്പിൽ പറഞ്ഞു. സ്പീക്കർ, മന്ത്രിമാർ, എം വി ഗോവിന്ദൻ, രാജീവ് ചന്ദ്രശേഖർ, കെ സുധാകരൻ, രാഹുൽ ഗാന്ധി, പ്രിയങ്ക ഗാന്ധി തുടങ്ങിയ രാഷ്ട്രീയ നേതാക്കൾ ഉൾപ്പെടെ സാമൂഹിക, സാംസ്കാരിക, മേഖലകളിലെ പ്രമുഖർ ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തി.

******************

## ക്ലിമിസ് ബാവ (ഇൻട്രോ)

സമൂഹത്തിൽ സാധാരണ നിലയിൽ നാം കാണാതെപോയ ആളുകളെ കണ്ടെത്തിയ നേതൃത്വമായിരുന്നു ഫ്രാൻസിസ് മാർപാപ്പാ എന്ന്, മലങ്കര കത്തോലിക്കാ സഭാധ്യക്ഷൻ കർദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കാതോലിക്കാ ബാവ പറഞ്ഞു.

(Hold voice)

കാരുണ്യത്തിൻറെ പാപ്പയെന്ന് ഫ്രാൻസിസ് മാർപ്പാപ്പയെ ചരിത്രം രേഖപ്പെടുത്തുമെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി അനുസ്മരിച്ചു.

******************

## ബിഷപ്പ് റാഫേൽ (ഇൻട്രോ)

മാർപാപ്പയുടെ കർമ്മപദ്ധതിയുടെ മുഴുവൻ ഹൃദയ സ്പന്ദനവും സ്നേഹമാണെന്നും, മാറ്റിനിർത്തപ്പെടാതെ എല്ലാവരെയും ഒന്നിച്ചു കൊണ്ടുപോകണമെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നതായും സിറോ മലബാർ സഭ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ അനുസ്മരിച്ചു.

(ഹോൾഡ് വോയ്സ്)

എല്ലാ സഭകൾക്കും തുല്യ പരിഗണന നൽകിയ വലിയ ഇടയനായിരുന്നു ഫ്രാൻസിസ് മാർപ്പാപ്പയെന്ന് ഓർത്തോഡോക്സ് സഭാധ്യക്ഷൻ മാർത്തോമ മാത്യൂസ് തൃതീയൻ കാതോലിക്ക ബാവ അനുസ്മരിച്ചു. കഷ്ടത അനുഭവിക്കുന്നവർക്ക് നീതി ഉറപ്പാക്കുന്നതിന് വേണ്ടി ഫ്രാൻസിസ് മാർപ്പാപ്പ എന്നും ശബ്ദമുയർത്തിയിരുന്നതായി യാക്കോബായ സഭാധ്യക്ഷൻ ബസേലിയോസ് ജോസഫ്

PNU TVPM

കാതോലിക്കാ ബാവ പറഞ്ഞു. ഫ്രാൻസിസ് മാർപ്പാപ്പയുടെ വിയോഗത്തിൻറെ പശ്ചാത്തലത്തിൽ തിരുവനന്തപുരത്തെ പട്ടം സെൻറ് മേരീസ് കത്തീഡ്രലിൽ ഇന്ന് കർദിനാൾ മാർ ക്ലീമിസ് ബാവയുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥന നടക്കുന്നുണ്ട്.

******************

## ജെ ഡി വാൻസ്- പ്രധാനമന്ത്രി

നാല് ദിവസത്തെ സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ അമേരിക്കൻ വൈസ് പ്രസിഡൻറ് ജെ ഡി വാൻസുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. ഇന്ത്യ- അമേരിക്ക നയതന്ത്ര ബന്ധം മെച്ചപ്പെടുത്താൻ ജെ ഡി വാൻസിൻറെ സന്ദർശനം സഹായിക്കുമെന്നാണ് വിലയിരുത്തൽ.

******************

## നാലാം വാർഷികം

പ്രകൃതി ദുരന്തങ്ങൾ ഉൾപ്പടെ ഒട്ടേറെ വെല്ലുവിളികൾക്കിടയിലും ജന പിന്തുണയോടെ സംസ്ഥാനത്തെ പുരോഗതിയിലേക്ക് നയിക്കാൻ സർക്കാരിന് കഴിഞ്ഞതായി മുഖ്യമന്ത്രി പിണറായി വിജയൻ. ജനങ്ങളുടെ ഐക്യം, നാടിൻറെ ഒരുമ എന്നിവ ഏതു പ്രതിസന്ധിയെയും അതിജീവിക്കാനുള്ള കരുത്തായി മാറിയെന്നും മുഖ്യമന്ത്രി പറഞ്ഞു. രണ്ടാം പിണറായി സർക്കാരിൻറെ നാലാം വാർഷിക ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം കാസർഗോഡ് കാലിക്കടവ് മൈതാനത്ത് നിർവഹിക്കുകയായിരുന്നു മുഖ്യമന്ത്രി. എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു. സർക്കാരിൻറെ നാലാം വാർഷികത്തോടനുബന്ധിച്ച് ഈ മാസം 30 വരെ വിപുലമായ ആഘോഷ പരിപാടികളാണ് സംഘടിപ്പിക്കുന്നത്.

******************

## സഹകരണ എക്സ്പോ

സഹകരണ എക്സ്പോയുടെ മൂന്നാം പതിപ്പിന് തിരുവനന്തപുരം കനകക്കുന്നിൽ തുടക്കമായി. 10 ദിവസം നീണ്ടുനിൽക്കുന്ന

RNU TVPM

പ്രദർശന വിപണനമേളയുടെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ മറ്റന്നാൾ നിർവഹിക്കും.

******************

## വികസിത കേരളം കൺവെൻഷൻ

2014 മുതൽ നരേന്ദ്രമോദി സർക്കാർ രാജ്യത്ത് കൊണ്ടുവന്ന മാറ്റം ലോകം മുഴുവൻ ചർച്ച ചെയ്യുകയാണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ.. വികസിത കേരളം കൺവെൻഷനുകളുടെ ഭാഗമായി സംഘടിപ്പിച്ച തൃശൂർ സിറ്റി ജില്ലാ കൺവൻഷൻ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ലോകം മുഴുവൻ ഇന്ത്യയ്ക്ക് ബഹുമാനം നൽകുന്നതായി പറഞ്ഞ അദ്ദേഹം, വികസിത കേരളം വെറും മുദ്രാവാക്യമല്ലെന്നും വ്യക്തമാക്കി.

******************

## ശിവൻകുട്ടി- ലഹരി മുക്തം

സംസ്ഥാന സർക്കാരിൻ്റെ 'ലഹരി മുക്ത നവകേരളം' പദ്ധതിയുടെ ഭാഗമായി പൊതു വിദ്യാഭ്യാസ വകുപ്പ് തിരുവനന്തപുരം ജില്ലയിലെ 10 വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുന്ന ഫുട്ബോൾ പരിശീലന ക്യാമ്പുകൾക്ക് തിരുവനന്തപുരത്ത് തുടക്കമായി. വിദ്യാർത്ഥികളിൽ ലഹരി വിരുദ്ധ മനോഭാവവും, ശാരീരിക മാനസിക ആരോഗ്യവും വളർത്തിയെടുക്കുക എന്ന ലക്ഷ്യം മുൻ നിർത്തി കൊമ്പൻസ് സ്പോർട്സ് ഫൗണ്ടേഷനുമായി ചേർന്നാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. തൈക്കാട് ഗവ.മോഡൽ സ്കൂളിൽ നടന്ന ചടങ്ങിൽ മന്ത്രി വി ശിവൻകുട്ടി പരിപാടി ഉദ്ഘാടനം ചെയ്തു.

******************

## ഓപ്പറേഷൻ ഡി-ഹണ്ട്

ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി സംസ്ഥാനവ്യാപകമായി നടത്തിയ സ്പെഷ്യൽ ഡ്രൈവിൽ 118 കേസുകൾ കൂടി രജിസ്റ്റർ ചെയ്തു. നിരോധിത മയക്കുമരുന്ന് കൈവശം വച്ചതിന് 126 പേരെ അറസ്റ്റ് ചെയ്തു. 2,239 പേരെയാണ് ഇന്നലെ പരിശോധനയ്ക്ക് വിധേയരാക്കിയത്.

******************

PNUTVPM

## വാട്ടർ അതോറിറ്റി

കേരള വാട്ടർ അതോറിറ്റിയുടെ വെള്ളയമ്പലത്തുള്ള ശുദ്ധീകരണശാലയിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനാൽ മറ്റന്നാൾ ഉച്ചയ്ക്ക് 2 മണി മുതൽ രാത്രി 10 മണി വരെ തിരുവനന്തപുരം നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ ശുദ്ധജലവിതരണം ഭാഗികമായി തടസ്സപ്പെടും. ഉപഭോക്താക്കൾ വേണ്ട മുൻ കരുതലുകൾ സ്വീകരിക്കണമെന്ന് വാട്ടർ അതോറിറ്റി അറിയിച്ചു.

******************

## ഐപിഎൽ

ഐ.പി.എൽ ക്രിക്കറ്റിൽ ഇന്ന് കൊൽക്കത്ത നൈറ്റ് റൈഡേഴ്സ് ഗുജറാത്ത് ടൈറ്റൻസുമായി ഏറ്റുമുട്ടും. കൊൽക്കത്തയിലെ ഈഡൻ ഗാർഡനിൽ രാത്രി 7:30 നാണ് മത്സരം. 10 പോയിന്റുമായി ഗുജറാത്ത് പോയിന്റ് പട്ടികയിൽ ഒന്നാം സ്ഥാനത്തും, കൊൽക്കത്ത ഏഴാം സ്ഥാനത്തുമാണ്.

RNU TVPM

******************

## കാലാവസ്ഥ

സംസ്ഥാനത്ത് വിവിധ ജില്ലകളിൽ ഉയർന്ന താപനിലയ്ക്ക് സാധ്യതയെന്ന് കാലാവസ്ഥാ മുന്നറിയിപ്പ്. കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ഇന്നും നാളെയും ഉയർന്ന താപനില 37 ഡിഗ്രി സെൽഷ്യസ് വരെയും; തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസറഗോഡ് ജില്ലകളിൽ 36ഡിഗ്രി സെൽഷ്യസ് വരെയും ഉയരാൻ സാധ്യതയുണ്ട്. ഒറ്റപ്പെട്ട ശക്തമായ മഴയ്ക്കുള്ള സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി, കണ്ണൂർ ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രതയും പുറപ്പെടുവിച്ചിട്ടുണ്ട്.

******************

************

*****